പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2768 — 27.01.2014 ന് മറുപടിയ്ക്ക്.

## ചേർപ്പ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഗീതാ ഗോപി : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) പെരിങ്ങോട്ടുകരയിൽ പ്രവർത്തിച്ചു വരുന്ന ചേർപ്പ് ഐ.ടി.ഐ.ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത നടപടി ഏതുവരെയായി എന്ന് വിശദമാക്കാമോ; | (എ) ഇല്ല. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ഭൗതിക സൗകര്യം (സ്ഥലം, കെട്ടിടം) ലഭ്യമാക്കണമെന്ന നിബന്ധനയോടെയാണ് ചേർപ്പ് ഗവ. ഐ.ടി.ഐ. പ്രവർത്തനമാരംഭിച്ചത്. ഐ.ടി.ഐ. കൾക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പാണ്.<br>ഐ.ടി.ഐ.യ്ക്ക് ആവശ്യമായ സ്ഥലം താന്ന്യം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുവാൻ താന്ന്യം ഗ്രാമപഞ്ചായത്ത്, അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിനോട് അഭ്യർത്ഥിച്ചതിനെ തുടർന്ന് കുറുമ്പിലാവ് വില്ലേജിൽ സ്കൂളിനോടു ചേർന്നു കിടക്കുന്ന ഭൂമിയിൽ നിന്ന് സ്കൂളിന്റെ വികസനത്തിനാവശ്യമായ ഭൂമി കഴിച്ച് ബാക്കി ഭൂമി ഐ.ടി.ഐ.യ്ക്ക് നൽകുന്നതിന് തീരുമാനമെടുത്ത്, സർക്കാർ അനുമതി ലഭ്യമാക്കി ഭൂമി കൈമാറുന്നതിനായി അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന വിവരം പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. |
| (ബി) അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് വക സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (ബി) സ്ഥലം ലഭ്യമാക്കാനുള്ള ഉത്തരവാദിത്വം താന്ന്യം ഗ്രാമപഞ്ചായത്തിനാണ്. ഐ.ടി.ഐ.യ്ക്കായി സ്ഥലം ലഭ്യമാക്കണമെന്ന നിരവധി തവണ ട്രെയിനിംഗ് വകുപ്പിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) സ്ഥലം ഏറ്റെടുക്കൽ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | (സി) സ്ഥലം ഏറ്റെടുത്ത് നൽകുന്ന നടപടി കൈക്കൊള്ളേണ്ടത് താന്ന്യം ഗ്രാമപഞ്ചായത്താണ്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന വിവരം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ